കാരുണ്യ ബെനവലന്റ് ഫണ്ട്

117 (1943) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ടിക്കറ്റിന്റെ വിൽപനയിലൂടെ ലഭിച്ച തുകയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മാറ്റിയതൊഴികെ ബാക്കി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ സർക്കാർ ആശുപത്രി, അക്രഡിറ്റഡ് സ്വകാര്യ ആശുപത്രി, റീ-ഇമ്പേഴ്സ്മെന്റ്, സ്പെഷ്യൽ സാങ്ഷൻ എന്നിവവഴി എത്ര തുക എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നത്.

28-11-2015 വരെ കാരുണ്യ ലോട്ടറിയിൽനിന്നും ലഭിച്ച അറ്റാദായം 515.37 കോടി രൂപയാണ്. മൊത്തം വിറ്റവരവായ 2457.21 കോടി രൂപയുടെ ബാക്കി തുകയായ 1941.84 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു.

26-11-2015 വരെ കാരുണ്യ പ്ലസ് ലോട്ടറിയിൽനിന്നും ലഭിച്ച അറ്റാദായം 221.44 കോടി രൂപയാണ്. മൊത്തം വിറ്റവരവായ 1191.43 കോടി രൂപയുടെ ബാക്കി തുകയായ 969.99 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 30-11-2015 വരെയുള്ള കാലയളവിൽ സർക്കാർ ആശുപത്രി തലത്തിൽ 47480 പേർക്ക് 596.19 കോടി രൂപയും സ്വകാര്യ ആശുപത്രികളിൽ 16643 പേർക്ക് 54.34 കോടി രൂപയും റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 559 പേർക്ക് 3.45 കോടി രൂപയും സ്പെഷ്യൽ സാങ്ഷൻ ഇനത്തിൽ 245 പേർക്ക് 2.60 കോടി രൂപയുമാണ് ചികിത്സാ ധനസഹായമായി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഫണ്ടിൽനിന്നും അനുവദിച്ചതുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടില്ല. 1-1-2015 മുതൽ സർക്കാർ തലത്തിലുള്ള ആശുപത്രികളിൽ 406.91 കോടി രൂപയും സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും വിതരണം ചെയ്യാനുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട്

118 (1944) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുമെന്ന പ്രഖ്യാപനം അനുസരിച്ച് അത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും ചികിത്സ തുക റീഫണ്ട് ലഭിക്കേണ്ട രോഗികൾക്ക് മാസങ്ങളായിട്ടും ആയത് ലഭിക്കാത്തത് എന്തുകൊണ്ടാണ് ; എത്രയും വേഗം തുക റീഫണ്ട് ചെയ്യുമോ ?

ഉത്തരം

(എ) മംഗലപുരത്ത് ചികിത്സ നടത്തുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടില്ല. പക്ഷേ, ഇതുൾപ്പെടെ കൂടുതൽ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ പരിഗണനയിലാണ്.

(ബി) റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ അവ്യക്തതകൾ നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. തീരുമാനമാകുന്ന മുറയ്ക്ക് റീഫണ്ട് തുക വിതരണം ചെയ്യുന്നതാണ്.

കാരുണ്യ ബെനവലന്റ് പദ്ധതി

119 (1945) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് എത്ര തുക വീതം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly